Draft #3 of File 103195/AC A3-3/2022/AC A 3 Approved by ASSISTANT REGISTRAR III (ACADEMIC) on 09-Dec-2022 12:07 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

യു. ജി പരീക്ഷകൾ മലയാളത്തിൽ എഴുതുവാനുള്ള അനുവാദം നൽകുന്നതിന് തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 12579/AC A 3/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.12.2022

---

*പരാമർശം:*-1. 25.11.2011 തീയതിയിലെ സ.ഉ.നം. 6374/A III/ 3/2011/Acad

2. 05.11.2022 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ: 14/103195/AC A3-3/2022

**ഉത്തരവ്**

നവംബർ 2021 ലെ നാലാം സെമസ്റ്റർ B.B.A പരീക്ഷയിൽ കൊച്ചി SRBS ഗുജറാത്തി കോളേജിലെ വിദ്യാർത്ഥിനികളായ Clara Santhosh (PRN: 190021083730) "MANAGERIAL ECONOMICS" എന്ന വിഷയത്തിനും, Mary Josna T.P (PRN :190021083743), "MANAGERIAL ECONOMICS", "CORPORATE LAW" എന്നീ വിഷയങ്ങൾക്കും പരാജയപ്പെട്ടു. ടി വിദ്യാർത്ഥിനികൾ മേൽ വിഷയങ്ങളുടെ പരീക്ഷകൾ മലയാളത്തിലാണ് എഴുതിയിട്ടുള്ളത്. പ്രസ്തുത വിഷയങ്ങൾക്കു നല്ല രീതിയിൽ ഉത്തരങ്ങൾ എഴുതിയിട്ടുണ്ടെന്ന് വിദ്യാർത്ഥിനികൾ അവകാശപ്പെടുന്നുമുണ്ട്. ഒന്ന് മുതൽ നാല് വരെയുള്ള സെമസ്റ്ററുകളിലെ മറ്റു പേപ്പറുകളും (ഇംഗ്ലീഷ് ഒഴികെ) മലയാളത്തിൽ എഴുതിയ ടി വിദ്യാർത്ഥിനികൾ വിജയിച്ചിട്ടുണ്ട്. CBCS 2017 റെഗുലേഷൻ പ്രകാരമാണ് B.B.A പ്രോഗ്രാം നടത്തിവരുന്നത്. പ്രസ്തുത റഗുലേഷനിൽ പരീക്ഷകൾ മലയാളത്തിൽ എഴുതുന്നതിനെപ്പറ്റി ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

പരാമർശം (1) പ്രകാരം പി. ജി പരീക്ഷകൾ മലയാളത്തിൽ എഴുതുവാൻ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ യു.ജി പരീക്ഷകൾ മലയാളത്തിൽ എഴുതുന്നത് സംബന്ധിച്ച് സർവ്വകലാശാല ഉത്തരവുകളൊന്നും നിലവിൽ ഇല്ല. പി ജി പരീക്ഷകൾ മലയാളത്തിൽ എഴുതുവാനുള്ള സൗകര്യം ലഭിക്കുന്ന സാഹചര്യത്തിൽ, ശ്രീമതി. Clara Santhosh, ശ്രീമതി. Mary Josna T.P എന്നീ വിദ്യാർത്ഥിനികളുടെ അപേക്ഷകൾ പരിഗണിച്ച്, യു. ജി പരീക്ഷകളും മലയാളത്തിൽ എഴുതുവാനുള്ള അനുവാദം നൽകുന്ന വിഷയം ബഹു: വൈസ് ചാൻസലറുടെ 01.07.2022 തീയതിയിലെ ഉത്തരവ് പ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ടി വിഷയം 05.11.2022ന് കൂടിയ അക്കാദമിക് കൗൺസിലിന്റെ യോഗം പരിഗണിക്കുകയും പരാമർശം (2) പ്രകാരം യു. ജി പരീക്ഷകൾ മലയാളത്തിൽ എഴുതുവാനുള്ള അനുവാദം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ / പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ /പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ മാർ
3. എ ആർ I,II,III (അക്കാഡമിക് )/ ഡി ആർ II (അക്കാഡമിക് )/ ജെ ആർ II (ഭരണം)
4. എ ആർ IV, X/ഡി ആർ III /ഡി ആർ IV / ജെ ആർ III (പരീക്ഷ വിഭാഗം)
5. എ ആർ XIV,XV,XIX,XXIII (പരീക്ഷ വിഭാഗം)/ എ ആർ XIII (പ്രൈവറ്റ് രജിസ്ട്രേഷൻ )
6. എ സി എ I/ IV / V/ VII/ VIII/ IX/ XII/എസ് എസ് 1/ എസ് എസ് 2 സെക്ഷനുകൾ
7. ഇ ജി I/II/III/IV/V സെക്ഷനുകൾ/ ഇ ഇ I/II/III സെക്ഷനുകൾ / ഇ എഫ് 1 സെക്ഷൻ
8. പി ആർ I/II/III/IV/VI സെക്ഷനുകൾ / സിബിസിഎസ്എസ് സെക്ഷനുകൾ
9. കണ്ടന്റ് മാനേജ്മന്റ് സെക്ഷൻ/ റെക്കോർഡ്സ് സെക്ഷൻ
10. ഐ ക്യൂ എ സി/ സിസ്റ്റം മാനേജർ/ CETEX/ IT Cell
11. കരുതൽ ഫയൽ/ ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 103195/AC A3-3/2022/AC A 3 Approved by ASSISTANT REGISTRAR III (ACADEMIC) on 09-Dec-2022 12:07 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം